**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **14-03-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള കൊച്ചി മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാർ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി എത്ര തുക ചെലവാക്കി എന്നും തുടങ്ങിയവയിൽ പൂർത്തികരിക്കാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലാ വികസനത്തിനായി ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ പുതിയ പദ്ധതികൾക്ക് ഭരണാനുമതികൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി മുഖാന്തിരം തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. |
| (സി) | ഇതിനായി കിഫ്ബി വഴി നടത്താൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | നിലവിൽ കിഫ്ബി വഴി പദ്ധതികൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികളും ചെലവഴിച്ച തുകയും ചുവടെ കറിക്കുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (രൂപ) | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | Providing natural Turfing, fencing and spinkler irrigation system at parade ground, Fort kochi, Ernakulam | 1,76,15,000 | പദ്ധതി പൂർത്തികരിച്ചിട്ടുള്ളതാണ് |
| 2 | Conservation and Restoration of Chinese Fishing nets at Fort Kochi - Revised AS | 2,44,95,707 | പദ്ധതിയുമായി ബന്ധപ്പെട്ടു മരം മുറിക്കാനുള്ള ക്ലിയറൻസ് വനം വകുപ്പിൽ നിന്ന് നാളിതുവരെ ലഭിച്ചിട്ടില്ല |
| 3 | Construction of World Class Toilet block at Fort Kochi | 1,51,08,533 | പദ്ധതി നടപ്പിലാക്കാനായി തെരെഞ്ഞെടുക്കപ്പെട്ട സ്ഥലം മുനിസിപ്പാലിറ്റിയുടെ കൈവശമാണ് ഉള്ളത്. ടി പദ്ധതി നടപ്പിലാക്കാനായി മുനിസിപ്പൽ കൗൺസിലിന്റെ അനുവാദത്തിനായി കത്ത് നൽകിയിട്ടുണ്ട്. |
| 4 | Technical Study on GRW (Geo Synthetic Reinforced soil retaining Wall) system of protection of walkway and flexi geotextile tubes | 27,14,000 | പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ